# പ്രവാചകൻ

ശവമറ്റങ്ങൾക്ക്
പൂക്കളർപ്പിക്കവെ
പെട്ടന്നൊരു അശരീരി;
ഞാൻ തിരിഞ്ഞുനോക്കി.
ബുദ്ധഗയയിലെ കാറ്റായിരിക്കാം
അദ്ദേഹത്തെ ഇവിടെ
കൊണ്ടെത്തിച്ചത്.
അദ്ദേഹത്തിന്
ഒസ്യത്തിലില്ലാത്തൊരുകാര്യം
എന്നോട് പറയാനുണ്ടായിരുന്നു.
അദ്ദേഹം മുന്നോട്ട്
ഞെഞ്ഞു നടന്നു.
കൂട്ടിയും കുറച്ചും
ഗുണിച്ചും ഹരിച്ചും
കയ്യിലെ നീളൻവടി
നീട്ടിക്കുത്തി.
കക്ഷത്തിലെ ഡയറിക്കുറിപ്പ്
എനിക്കുനേരെ നീട്ടി.

താളുകളിൽ തുന്നിച്ചേർത്ത
സ്മൃതികളിലേക്ക്
എന്റെ കണ്ണുകൾ
അമ്പുകളെന്നപോലെ
കുത്തിയിറങ്ങി.
ഒരു പ്രവാചകന്റെ
വേഷമണിഞ്ഞു നിൽക്കുന്ന
അദ്ദേഹത്തിന്റെ ചിത്രം
എന്റെ തലയ്ക്കുമുകളിൽ
വികസിച്ചുനിന്നു.

അതിൽ ഇങ്ങനെയായിരുന്നു:
" അപരിചിതമായ ശബ്ദം.
മാധ്യമയുഗത്തിന്റെ
കവചത്തിലൂടെയൊന്ന്
കണ്ണോടിച്ചു.
മനസ്സിനൊരു വിയർക്കൽ.
വിറയാർന്ന
കാൽവയ്പ്പോടെ
മുന്നോട്ടു നടന്നു.

ചുറ്റിലും
റോബോട്ടുകൾ
നിരന്നുനിന്നു.
ഗലികളും ചേരികളും കടന്ന്
മുന്നോട്ട് നീങ്ങി.
തെരുവിൽ
ഫോണുകൾ
തിന്നുതുപ്പിയ
ജീവിതത്തിന്റെ ഉച്ഛ്.
കഴുമരത്തിൽ
ചേലയഴിഞ്ഞു വീഴുന്ന
പെണ്ണിന്റെ ജഢം.
പൊട്ടിവീഴാറായ
ത്രാസിൽ
ജീവിതവും ലഹരിയും
തമ്മിലുള്ള മൽപ്പിടിത്തം.
കഴുകന്മാരെപ്പോലെ
ഡ്രോണുകൾ പറന്നിറങ്ങി.
അതിനുപുറത്തുകയറി
ലോകം ചുറ്റി സഞ്ചരിച്ചു.

തൂക്കുകയറിൽ
ആടിയുലയുന്ന
വിദ്യാർത്ഥി.
അവിടം തോറ്റുപോയവരുടെ
അൾത്താരയാണ്.
പ്രണയക്കുരിശുമായി
മലകയറുന്നവരുടെ
കണ്ണുകളിൽ നിന്ന്
ക്ലിക്ക് ശബ്ദത്തോടെ
കണ്ണുനീർത്തുള്ളി
വന്നുപതിച്ചു.
റോഡരികിൽ
വിശപ്പിന്റെ ചൂടറിഞ്ഞ്
ജീവിതത്തിന്റെ ചൂള
അടർന്നുപോയ ചിലർ.
ജീവിതത്തിന്റെ
ആഴക്കടൽ നീന്തിക്കടക്കുന്നവർക്ക് ചുറ്റും
അലിഞ്ഞുചേർന്ന
ഗെയിമുകളുടെയും
ആപ്പുകളുടെയും ഉപ്പ്.

അതിർത്തികളിൽ
മരണത്തിന്റെ
മതം പൊട്ടൽ കണ്ട്
മനസ്സ് ചുട്ടുപഴുത്തു."

പുസ്തകത്താളുകൾക്കുമുകളിൽ
നാലക്കം പ്രകാശം ചൊരിഞ്ഞു:
2025 !
അപ്രകാശിത പ്രവാചകന്റെ
പുഞ്ചിരിയോടെ
അദ്ദേഹം പറഞ്ഞു:
" മറന്നുപോകരുതേ,
ജീവിലായിരുന്ന
കാലൻ
തിരിച്ചെത്താൻ
അധികനാളില്ല."